മുകുന്ദപുരം താലൂക്കിലെ മറ്റത്തൂർ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന ഗ്രാമമാണ് ഇഞ്ചക്കുണ്ട്.

നെല്ലിപ്പറമ്പൻ കണ്ടൻകോരു എന്ന വ്യക്തിയുടെ സ്ഥലത്തുണ്ടായിരുന്ന ഒരു ഷെഡ്ഡിലാണ് ഒന്നാം ക്ലാസ്സ് ആരംഭിച്ചത്.ബഞ്ചുകളും സ്റ്റൂളുകളും നാട്ടുകാർ സംഭാവന നൽകി. സ്കൂൾ ഷെഡ് കെട്ടി ഇഞ്ചിപ്പുല്ല് മേഞ്ഞു സ്കൂൾ പ്രവർത്തനമാരംഭിച്ചു.1961 ജൂണിൽ പ്രഥമ പ്രധാന അധ്യാപകനായി എൻ.വി.കൃഷ്ണവാര്യർ നിയമിതനാകുകയും ചെയ്തു.

ഒരു ഓഫീസ് സ്റ്റാഫ്റൂമുമായി രണ്ടു ബ്ലോക്കിൽ സുന്ദരമായൊരു കെട്ടിടം സർക്കാർ ധന സഹായത്തോടെ പൂർത്തിയായി .പിന്നീടു NES ബ്ലോക്ക് കൊടകരയുടെ സഹായത്തോടെ മൂന്നു റൂമുകളുള്ള മൂന്നാം ബ്ലോക്കും നിർമ്മിക്കപ്പെട്ടു .രക്ഷിതാക്കളുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായി 1981-82ൽ വിദ്യാലയം അപ്പർ പ്രൈമറി ആയി ഉയർത്തപ്പെട്ടു.പിടിഎ എം പി ടി എ എസ് എം സി ഒ എസ് എന്നിവരുടെ പങ്കാളിത്തത്തോടെ ഇഞ്ചക്കുണ്ട് എന്ന മലയോര കുടിയേറ്റ കർഷക ഗ്രാമത്തിന്റെ അഭിമാനമായി മാറ്റാനുള്ള യജ്ഞത്തിന് ഇന്ത്യക്കുണ്ട് ഗവൺമെന്റ് യുപി സ്കൂൾ തുടക്കം കുറിച്ചു ആധുനികമായ വെല്ലുവിളികൾ നേരിടുന്നതിനും പൊതുവിദ്യാലയത്തെ സംരക്ഷിച്ച ശക്തിപ്പെടുത്തുന്നതിനും വരും തലമുറയ്ക്ക് ഈ വിദ്യാലയത്തെ കൈമാറാനുള്ള ശക്തമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു നവ കേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്തിയിൽ എത്തിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് നമ്മുടെ സ്കൂളിൽ യജ്ഞത്തിന് ആരംഭം കുറിക്കുന്നത് അക്കാദമിക മികവാണ് വിദ്യാലയത്തിന് മികവ് എന്ന ആശയത്തിൽ ഊന്നിയാണ് വിദ്യാലയ വികസന സമിതിക്ക് രൂപം നൽകിയത്